**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3270** | **19.06.2019-ൽ മറുപടിയ്ക്ക്** |
|---|---|
| **എല്ലാ മണ്ഡലങ്ങളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.ഐ.ബി. സതീഷ്** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എല്ലാ നിയോജകമണ്ഡലങ്ങളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ ആരംഭിക്കാനാകുമോ; ആയതിന് നടപടി സ്വീകരിക്കാമോ; വിശദാംശം വ്യക്തമാക്കുമോ ? | നിയോജകമണ്ഡല അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിൽ ഇല്ല. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും പ്രവർത്തിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുകയും അവിടെനിന്ന് നഗരസഭ/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ എത്തിച്ച് പുനരുപയോഗത്തിനും പുനചംക്രമണത്തിനും വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേന്ദ്രീകൃതമായ രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്ത് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ